"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - പാലക്കാട് ജില്ല, ചെർപ്പുളശ്ശേരി കരട് മാസ്റ്റർ പ്ലാൻ പ്രസിദ്ധീകരിക്കുന്നതിനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**തദ്ദേശ സ്വയംഭരണ (ആർ ഡി) വകുപ്പ്**

സ.ഉ.(കൈ) നം.89/2025/LSGD    തീയതി,തിരുവനന്തപുരം, 25-05-2025

---

പരാമർശം:-
1. 12.12.2024 ലെ 3970 - ാം നമ്പർ അസാധാരണ ഗസറ്റ് വിജ്ഞാപനം
2. 23.11.2024 ലെ ചെർപ്പുളശ്ശേരി നഗരസഭ സെക്രട്ടറിയുടെ TP1-438/2022 നമ്പർ കത്ത്
3. 07.02.2025 ലെ ചീഫ് ടൗൺ പ്ലാനറുടെ (പ്ലാനിംഗ്) LSGD/PD/44217/2024-TCPB4 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

പാലക്കാട് ജില്ല, ചെർപ്പുളശ്ശേരി നഗരസഭാപ്രദേശത്തിന് വേണ്ടി മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് 2021-ലെ കേരള നഗരഗ്രാമാസൂത്രണ (മാസ്റ്റർ പ്ലാനിന്റെ രൂപീകരണവും അനുമതി നൽകലും) ചട്ടങ്ങളിലെ ചട്ടം 3(iv) -യുടെ അടിസ്ഥാനത്തിൽ ചെർപ്പുളശ്ശേരി നഗരസഭയുടെ 24.01.2022-ലെ കൗൺസിൽ തീരുമാനം നം.7 പ്രകാരം മാസ്റ്റർ പ്ലാൻ കമ്മിറ്റി പുനഃസംഘടിപ്പിക്കുകയും 06.06.2022 -ൽ മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നത് സംബന്ധിച്ച് ചർച്ചകൾ നടത്തുകയും ചെയ്തു.

2016-ലെ കേരള നഗരഗ്രാമാസൂത്രണ ആക്ട് വകുപ്പ് 36 ഉപവകുപ്പ് (1) പ്രകാരം ചെർപ്പുളശ്ശേരി നഗരസഭയ്ക്ക് വേണ്ടി തദ്ദേശ സ്വയംഭരണ വകുപ്പ് പ്ലാനിംഗ് തയ്യാറാക്കിയ കരട് മാസ്റ്റർ പ്ലാൻ പരിഷ്കരണങ്ങളോടെ സ്വീകരിക്കാനുള്ള ചെർപ്പുളശ്ശേരി നഗരസഭയുടെ 15.10.2024-ലെ കൗൺസിൽ തീരുമാനം നം.1 പ്രകാരമുള്ള നഗരസഭാ കൗൺസിലിന്റെ ഉദ്ദേശ്യം, ചെർപ്പുളശ്ശേരി നഗരസഭ വിജ്ഞാപനം ചെയ്യുകയും വർത്തമാനപത്രങ്ങളിലും ഔദ്യോഗിക വെബ്സൈറ്റിലും നോട്ടീസ് ബോർഡിലും പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുള്ളതാണ്. കൗൺസിൽ അംഗീകരിച്ച കരട് മാസ്റ്റർ പ്ലാൻ പ്രസിദ്ധീകരണ അനുമതിക്കായി സർക്കാരിലേയ്ക്കു നൽകുന്നതിനും ചെർപ്പുളശ്ശേരി നഗരസഭയുടെ 15.10.2024 -ലെ കൗൺസിൽ തീരുമാനം നം.1 പ്രകാരം നഗരസഭാ കൗൺസിൽ തീരുമാനിച്ചിട്ടുള്ളതാണ്.

2016-ലെ കേരള നഗരഗ്രാമാസുത്രണ ആക്ട് വകുപ്പ് 36 ഉപവകുപ്പ് (2) പ്രകാരവും, 2021-ലെ കേരള നഗരഗ്രാമാസൂത്രണ (മാസ്റ്റർ പ്ലാനിന്റെ രൂപീകരണവും അനുമതി നൽകലും) ചട്ടങ്ങളിലെ ചട്ടം 16 (7) പ്രകാരവും ചെർപ്പുളശ്ശേരി നഗരസഭ തദ്ദേശ സ്വയംഭരണ വകുപ്പ് (പ്ലാനിംഗ്)ന്റെ സാങ്കേതിക സഹായത്തോടെ

തയ്യാറാക്കിയ കരട് മാസ്റ്റർ പ്ലാനിന്റെ പ്രസിദ്ധീകരണാനുമതിക്കായി മാസ്റ്റർ പ്ലാൻ റിപ്പോർട്ട്, അനുബന്ധ രേഖകൾ എന്നിവ ചെർപ്പുളശ്ശേരി നഗരസഭ സെക്രട്ടറി പരാമർശം (2) പ്രകാരം പാലക്കാട് ജില്ലാ നഗരാസൂത്രകന്റെ ശിപാർശയോടെ മുഖ്യനഗരാസൂത്രകൻ (പ്ലാനിംഗ്) -ന്റെ കാര്യാലയത്തിൽ സമർപ്പിച്ചിട്ടുള്ളതാണ്.

ചെർപ്പുളശ്ശേരി നഗരസഭയുടെ 15.10.2024-ലെ കൗൺസിൽ തീരുമാനം നം.1 പരിഗണിച്ച് ചെർപ്പുളശ്ശേരി പട്ടണത്തിനായി തയ്യാറാക്കിയ കരട് മാസ്റ്റർ പ്ലാൻ പ്രസിദ്ധീകരിക്കുന്നതിനായി കേരള നഗരഗ്രാമാസൂത്രണ ആക്റ്റ് 2016, 2021 -ലെ കേരള നഗരഗ്രാമാസുത്രണ (മാസ്റ്റർ പ്ലാനിന്റെ രൂപീകരണവും അനുമതി നൽകലും) ചട്ടങ്ങൾ എന്നിവ പ്രകാരമുള്ള സർക്കാർ അനുമതി നൽകുന്നതിന് പരാമർശം (3) പ്രകാരം മുഖ്യനഗരാസൂത്രകൻ (പ്ലാനിംഗ്) ശിപാർശ ചെയ്തിരിക്കുന്നു.

സർക്കാർ ഇക്കാര്യം പരിശോധിച്ചു. മുഖ്യനഗരാസൂത്രകന്റെ ശിപാർശ പരിഗണിച്ച്, ചെർപ്പുളശ്ശേരി പട്ടണത്തിനായി തയ്യാറാക്കിയ കരട് മാസ്റ്റർ പ്ലാൻ പ്രസിദ്ധീകരിക്കുന്നതിനായി കേരള നഗരഗ്രാമാസൂത്രണ ആക്റ്റ് 2016 വകുപ്പ് 36(3), 2021-ലെ കേരള നഗരഗ്രാമാസൂത്രണ (മാസ്റ്റർ പ്ലാനിന്റെ രൂപീകരണവും അനുമതി നൽകലും) ചട്ടങ്ങളിലെ ചട്ടം 16(8) എന്നിവ പ്രകാരം അനുമതി നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പുനീത് കുമാർ ഐ എ എസ
അഡീഷണൽ ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
മുഖ്യ നഗരാസൂത്രകൻ (പ്ലാനിംഗ്), തിരുവനന്തപുരം
ജില്ലാ നഗരാസൂത്രകൻ പാലക്കാട് (മുഖ്യ നഗരാസൂത്രകൻ മുഖേന)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Bijukumar T
സെക്ഷൻ ഓഫീസർ
Date: 30-05-2025 11:56:30